**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 5279 26.03.2018-ൽ മറുപടിയ്ക്ക്

## മ്യൂസിക് അദ്ധ്യാപകനായ സുദീന്ദ്രനാഥിന്റെ നിയമനം

**ചോദ്യം**

ശ്രീ.പി.കെ.അബ്ദു റബ്ബ്

(എ) മലപ്പുറം ജില്ലയിലെ സേവാമന്ദിർ റ്റി.റ്റി.ഐ യിലെ മ്യൂസിക് അദ്ധ്യാപകനായ ശ്രീ.സുദീന്ദ്രനാഥിന്റെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട ഫയൽ K2/53/GEdn., J3/9/Gedn, പാർട്ട് ഫയൽ 14234/K2/Gedn. എന്നിവയുടെ നിലവിലെ അവസ്ഥ എന്താണെന്നറിയിക്കാമോ;

(ബി) മേൽ പറഞ്ഞയാളുടെ നിയമനം അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് എന്നാണ് അപേക്ഷ നൽകിയതെന്നറിയിക്കാമോ; അപേക്ഷ നൽകിയതു മുതൽ നാളിതുവരെ ടിയാന്റെ ഫയലിൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം വെളിപ്പെടുത്തുമോ;

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) യും (ബി) യും

രാമനാട്ടുകര സേവാമന്ദിർ റ്റി.റ്റി.ഐ-ൽ 1.6.2011 മുതൽ പാർട്ട് ടൈം മ്യൂസിക് അദ്ധ്യാപകനായി മാനേജർ നിയമിച്ച ശ്രീ.സുദീന്ദ്രനാഥിന്റെ നിയമനം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിരസിച്ചതിനെ തുടർന്ന് 13.3.2015-ൽ സർക്കാരിൽ ലഭിച്ച റിവിഷൻ ഹർജി പരിശോധിക്കുകയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും, KER-ലെ ബന്ധപ്പെട്ട ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ 12.2.2016-ലെ 14234/കെ2/2015/പൊവിവ നമ്പർ കത്ത് മുഖേന മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഫയൽ 2 തീർപ്പാക്കിയിട്ടുള്ളതാണ്. നിയമന അംഗീകാരം ലഭിക്കാത്തതിനെ തുടർന്ന് 10.8.2016-ൽ ലഭിച്ച ഹർജി കെ2/53/2016/ പൊവിവ നമ്പർ ഫയലിൽ പരിശോധിക്കുകയും, വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ലഭിച്ച 12.10.2017-ലെ വിശദാംശം സഹിതം 15.11.2017-ൽ ഫയൽ പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ അഭിപ്രായത്തിനായി നൽകുകയും ആയത് ജെ3/9/2017/പൊവിവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയുമാണ്.

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ? | (സി) | നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സേവാമന്ദിർ റ്റി.റ്റി.ഐ-യിൽ മ്യൂസിക് തസ്തിക അനുവദിക്കാമോ എന്നത് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ